**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3069   10.05.2017 ൽ മറുപടിക്ക്

## പാലമേൽ പ്രാഥമിക ആരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലമേൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് സ.ഉ(ആർ.ടി) 845/2017/ആ.കു.വ തീയതി 28.03.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ പാലമേൽ പി.എച്ച്.സി-യും ഉൾപ്പെട്ടിട്ടുണ്ട്. സംസ്ഥാനവ്യാപകമായി ഇക്കാര്യങ്ങൾ നടപ്പിലാക്കാനായി സംസ്ഥാന ബഡ്ജറ്റിൽ 23 കോടി രൂപയും, ടി പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രത്തിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | തെരെഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സുമാരുടെയും, ലാബ് ടെക്നീഷ്യന്റെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ